# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 759 — 08.01.2014 ൽ മറുപടിക്ക്

**അപകടത്തിൽപ്പെടുന്ന രോഗികൾക്കുള്ള ചികിൽസാ സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി. | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) റോഡപകടങ്ങളിലും മറ്റും പെട്ട് അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് എക്സ്റേ, സ്കാനിംഗ് തുടങ്ങിയ സേവനങ്ങൾ സൗജന്യമായി നൽകുന്ന പദ്ധതി പരിഗണനയിലുണ്ടോ;<br>(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ? | (എ) യും (ബി) യും അപകടങ്ങളിൽപ്പെട്ട് അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് സർക്കാർ മെഡിക്കൽ കോളേജുകളിൽ എക്സ്റേ സൗജന്യമായി എടുത്തുകൊടുക്കുന്നുണ്ട്. സ്കാനിംഗ് ഫീസ് നിലവിലുണ്ടെങ്കിലും അത്യാവശ്യ ഘട്ടത്തിൽ ഫീസ് അടയ്ക്കാതെ തന്നെ സ്കാനിംഗ് ചെയ്യുന്നതിന് അവസരം നൽകുകയും പിന്നീട് ഫീസ് അടയ്ക്കാൻ നിഷ്കർഷിക്കുകയും ചെയ്തു വരുന്നു. റോഡപകടങ്ങളിലും മറ്റും പെട്ട് അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് എക്സ്റേ, സ്കാനിംഗ് തുടങ്ങിയ സേവനങ്ങൾ സൗജന്യമായി നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ശുപാർശ സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ